# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗവ. എൽ.പി.ജി.എസ്. തൃപ്പൂണിത്തുറ

2025-26

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. എൽ. പി. ജി. എസ് തൃപ്പൂണിത്തുറ |
| വിലാസം | : | തൃപ്പൂണിത്തുറ പി.ഒ |
| ഫോൺ | : | 0484-2781422 |
| സ്കൂൾ കോഡ് | : | 26408 |
| വിദ്യാഭ്യാസ ജില്ല | : | എറണാകുളം |
| വിദ്യാഭ്യാസ ഉപജില്ല | : | തൃപ്പൂണിത്തുറ |
| റവന്യൂ ജില്ല | : | എറണാകുളം |
| ബി. ആർ. സി | : | തൃപ്പൂണിത്തുറ |
| മുനിസിപ്പാലിറ്റി | : | തൃപ്പൂണിത്തുറ |
| ജില്ലാപഞ്ചായത്ത് | : | എറണാകുളം |
| നിയമസഭാ മണ്ഡലം | : | തൃപ്പൂണിത്തുറ |
| ലോകസഭാ മണ്ഡലം | : | എറണാകുളം |
| താലൂക്ക് | : | കണയന്നൂർ |
| വില്ലേജ് | : | നടമ വില്ലേജ് |
| ബ്ലോക്ക് | : | വൈറ്റില |
| ഇ മെയിൽ | : | lpgsthripunithura@gmail.com |

# ആമുഖം

കേരളത്തിന്റെ സാംസ്കാരിക പെരുമയിൽ പ്രത്യേകം പരാമർശിക്കപ്പെടുന്ന തൃപ്പൂണിത്തുറയുടെ തിലകക്കുറിയാണ് ഈ വിദ്യാലയം. 1910 ൽ 'രാജർഷി' എന്ന അപരനാമത്താൽ അറിയപ്പെടുന്ന ശ്രീരാമവർമ മഹാരാജാവ് സ്ഥാപിച്ചതാണ് ഈ വിദ്യാലയം. സമൂഹത്തി സാധാരണക്കാർക്കും അധഃസ്ഥിതർക്കും, സ്ത്രീകൾക്കും വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടിയാണ് മഹാരാജാവ് ഈ വിദ്യാലയം സ്ഥാപിച്ചത് 1 മുതൽ 4 വരെ ക്ലാസുകളാണ് ഉള്ളത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം നൽകുന്നു. കുട്ടികളുടെ പാഠ്യ പാഠ്യേതര വിഷയങ്ങളിലുള്ള കഴിവ് വികസിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നുവരുന്നു.

# അക്കാദമിക മാസ്റ്റർപ്ലാൻ

## ഗവ. എൽ. പി. ജി. എസ്
## തൃപ്പൂണിത്തുറ

സ്കൂളിന്റെ ഇപ്പോഴത്തെ അവസ്ഥയും ഇനി ലഭ്യമാകേണ്ട സൗകര്യങ്ങളും:-

* ക്ലാസ്സ് മുറികൾ : ഇപ്പോൾ സ്കൂളിൽ രണ്ടു ക്ലാസ്സ് മുറികളും ഒന്നാം നിലയിലെ ഹാളിൽ തട്ടിക കൊണ്ട് വേർതിരിച്ച 2 ക്ലാസ്സ് മുറികളുമാണുള്ളത്. ഹാളിലെ ക്ലാസ്സ് മുറികൾ ഭിത്തികെട്ടി വേർതിരിക്കണം.

* ഓഫീസ് മുറി: നിലവിൽ ഓഫീസ് സ്കൂളിൽ നിന്ന് കുറച്ച് അകലെയാണ് സ്ഥിതിചെയ്യുന്നത്. സ്കൂൾ കെട്ടിടത്തിനോട് ചേർന്ന് ഓഫീസും ഒരു സ്റ്റാഫ് റൂമും അത്യാവശ്യമാണ്.

* സ്മാർട്ട് ക്ലാസ് റൂം: സ്കൂളിൽ എല്ലാ ക്ലാസ്സും സ്മാർട്ട് ക്ലാസ് ആണ്. എന്നിരുന്നാലും കുട്ടികൾക്ക് റൈറ്റിംഗ് പാഡോടുകൂടിയ കസേരകൾ ലഭ്യമാകേണ്ടതാണ്.

* ലൈബ്രറി :- സ്കൂളിൽ പ്രത്യേക ലൈബ്രറി ഇല്ല. പുസ്തകങ്ങൾ ഓഫീസിലെ അലമാരയിലാണ് സൂക്ഷിക്കുന്നത്. ഇവ സൂക്ഷിക്കുന്നതിനും കുട്ടികൾക്ക് ഇരുന്ന് വായിക്കുന്നതിനും സൗകര്യപ്രദമായ ഒരു ലൈബ്രറി അത്യാവശ്യമാണ്.

* പാചകപ്പുര :- ഉച്ചഭക്ഷണം പാകം ചെയ്യുന്ന തിന് അടുക്കള ഉണ്ടെങ്കിലും, സ്റ്റോർ റൂം, ഡൈനിംഗ് റൂം എന്നിവ ഇല്ല. നിലവിൽ അടുക്കളയോട് ചേർന്ന് ടിന്നി കെട്ടിത്തിരിച്ച ഒരു ചെറിയ മുറിയിലാണ് കുട്ടികൾ ഇരുന്ന് ഭക്ഷണം കഴിക്കുന്നത്. സ്ഥലപരിമിതിയും ഇരിപ്പിടങ്ങളുടെ കുറവും ഉള്ളതിനാൽ ഡൈനിംഗ് റൂം ഉൾപ്പെടെയുള്ള ഒരു അടുക്കള വേണം.

സ്കൂൾ വാർഷികത്തിനും മറ്റുപരിപാടികൾ നടത്തുന്നതിനും സ്ഥലസൗകര്യമില്ലാത്തതിനാൽ സ്കൂളിന്റെ ഏറ്റവും മുകളിൽ ഷീറ്റിട്ടിരിക്കുന്ന ഹാൾ വൈദ്യുതീകരിക്കുകയും ഹാളിൽ ഒരു പ്ലാറ്റ്ഫോം നിർമ്മിക്കണം.

സ്കൂൾ കെട്ടിടം പെയിന്റ് ചെയ്യുകയും ശിശുസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ചൈൽഡ് ഫ്രണ്ട്‌ലി എലമെന്റ്സും അനുവദിക്കണം.

ജൈവവൈവിധ്യ പാർക്ക്, ഔഷധോദ്യാനം, പച്ചക്കറിത്തോട്ടം എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ സഹായങ്ങൾ ലഭ്യമാക്കണം

# അക്കാദമിക പ്രവർത്തനങ്ങൾ

സ്കൂളിൽ ഓരോ ക്ലാസ്സിലും കുട്ടിക്ക് ലഭ്യമാകേണ്ട അറിവുകളും കഴിവുകളും ലഭ്യമാകുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കലാ കായിക പ്രവൃത്തി പരിചയ മേളയിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും, സമ്മാനാർഹരാവുകയും ചെയ്തു. പാഠ്യേതര മേഖലകളിൽ കുട്ടികളുടെ കഴിവുകൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സ്പെഷ്യൽ ടീച്ചേഴ്സിന്റെ സേവനം ലഭ്യമാക്കണം. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ട്.

സിലബസ് അനുസരിച്ച് ഓരോ ക്ലാസ്സിലും കുട്ടി നേടേണ്ട അറിവുകൾ എല്ലാ കുട്ടികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ പറ്റിയ രീതിയിലുള്ള വിദ്യാഭ്യാസം എന്നതാണ് ലക്ഷ്യം.

ഒന്നാം ക്ലാസ്സ്: ഒന്നാംതരം ആക്കി മാറ്റും. കുട്ടികളെ അക്ഷരത്തെറ്റില്ലാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കും. മലയാള ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിനായി ഭാഷാലാബ്, ക്ലാസ്സ് മുറികളിൽ കുട്ടിക്ക് ധാരാളം സംസാരിക്കാനും എഴുതാനും അവസരം നൽകൽ, ഡയറിക്കുറിപ്പുകൾ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തന

നങ്ങൾ നൽകും.

ഇംഗ്ലീഷ് പഠനം മെച്ചപ്പെടുന്ന തിനായി റോൾപ്ലേ, സ്കിറ്റ് എന്നിവയിലൂടെ Conversation നടത്തുന്നതിനും പറയുന്നതിനുമുള്ള കഴിവ് വർദ്ധിപ്പിക്കും. വായിക്കാൻ ധാരാളം അവസരം നൽകും.

നിരീക്ഷണങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും ശാസ്ത്രവിഷയങ്ങൾ പഠിക്കാൻ അവസരം നൽകുന്നതോടൊപ്പം പഠനയാത്ര സംഘടിപ്പിക്കും.

കലാ കായിക പ്രവർത്തി പരിചയ മേഖലകളിൽ പരിശീലനം നൽകി. സ്പോർട്സ് ശാസ്ത്ര മേളകൾ, കലാമേളകൾ, സ്കൂൾ വാർഷികം എന്നിവയിൽ കുട്ടികളെ പരമാവധി പങ്കെടുപ്പിക്കും.

വായന മെച്ചപ്പെടുത്തുന്നതിനായി ലൈബ്രറി പുസ്തകങ്ങൾ നൽകി വായനാക്കുറിപ്പുകൾ ശേഖരിക്കുന്നതിനു പുറമെ, കൂടുതൽ പുസ്തകങ്ങൾ വായിക്കുന്നവർക്ക് സമ്മാനം നൽകും. വായിച്ച പുസ്തകങ്ങളെക്കുറിച്ച് പറയാൻ കുട്ടികൾക്ക് അവസരം നൽകും. കുട്ടികളുടെ വീടുകളിൽ നിന്ന് അവർ വായിച്ചു കഴിഞ്ഞ പുസ്തകങ്ങൾ ശേഖരിച്ച് 'വായനത്തോട്ടിൽ' എന്ന പേരിൽ സ്കൂളിൽ സൂക്ഷിച്ച് മറ്റു കുട്ടികൾക്കും ആ പുസ്തകങ്ങൾ വായിക്കാൻ അവസരം നൽകും.

സ്മാർട്ട് ക്ലാസ്സ് സൗകര്യം ഉപയോഗിച്ച് എല്ലാ കുട്ടികൾക്കും പഠിക്കുവാനുള്ള അവസരം നൽകും. ക്ലാസ്സ് P.T.A ചേർന്ന് കുട്ടികളുടെ പ്രവർത്തനങ്ങൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തും. കുട്ടികളുടെ സവിശേഷമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാടൻപാട്ട് പരിശീലനം, പ്രസംഗ പരിശീലനം എന്നിവ നൽകും. വർഷാവസാനം കുട്ടികളുടെ സൃഷ്ടികൾ ഒന്നിച്ചു ചേർത്ത് ഒരുമാഗസിൻ തയ്യാറാക്കും.

ഹെൽത്ത് ക്ലബിന്റെ നേതൃത്വത്തിൽ സ്കൂളും പരിസരവും വൃത്തിയാക്കൽ, വ്യക്തി ശുചിത്വം, പരിസര ശുചിത്വം ഇവയുടെ ആവശ്യകത കുട്ടികളെ ബോധ്യപ്പെടുത്തൽ, കുട്ടികളുടെ ആരോഗ്യനില പരിശോധിക്കൽ, ബോധവൽക്കരണ ക്ലാസുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

എന്നാൽ ഈ പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തുന്നതിന് ആവശ്യമായ ചില സാഹചര്യങ്ങൾ കൂടി ലഭ്യമാക്കേണ്ടതുണ്ട്.

മികവിനായി ഏറ്റെടുത്തു നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

I. അക്കാദമികം

* ഒന്നാം ക്ലാസ് ഒന്നാംതരം
* എസ്. ആർ. ജി. ശാക്തീകരണം
* നിരന്തര വിലയിരുത്തൽ
* ഭാഷാശേഷി ഗണിതശേഷി, ഇംഗ്ലീഷ് ഫെസ്റ്റ്
* ക്ലാസ്സ് പി.ടി.എ
* ലൈബ്രറി ശാക്തീകരണം
* മെഡിക്കൽ ക്യാമ്പ്
* ഇതിഹാസ ബോധന പരിപാടി
* ജൈവ വൈവിധ്യ പാർക്ക്.

II. ഭൗതികം

* ഓഫീസ് മുറി
* സ്റ്റാഫ് റൂം
* ലൈബ്രറി
* അടുക്കള, സ്റ്റോർ റൂം, ഡൈനിംഗ് റൂം
* സ്കൂൾ ആകർഷകമാക്കൽ
* സ്റ്റേജ്.

III. സാമൂഹികം

* പി.റ്റി.എ. ശക്തിപ്പെടുത്തൽ
* എസ്.എം.സി കാര്യക്ഷമമാക്കൽ
* പൂർവ്വ വിദ്യാർത്ഥി സംഘടന
* ക്ലാസ്സ് പി.റ്റി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ
* വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കുവെയ്ക്കൽ
* ഭവന സന്ദർശനം

# അക്കാദമിക

## മാസ്റ്റർ പ്ലാൻ

2025- 26

STD- I

മേഖല : അക്കാദമികം

ഉപമേഖല : ഭാഷ

ക്ലാസ്സ് : I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാകളരി കുട്ടികളിലൂം: പാട്ടുകളും കഥകളുമായി കുട്ടികൂട്ടങ്ങൾ സംഘടിപ്പിക്കൽ | സെപ്റ്റംബർ ഒക്ടോബർ | ക്ലാസ്ടീച്ചർ SRG PTA/SMC | SMC/PTA |
| | 2) അമ്മ വായനക്കൂട്ട അമ്മമാർ കുട്ടികൾക്ക് കഥ അവതരിപ്പിക്കുന്നു. | ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ്സ്ടീച്ചർ SRG മദർ PTA | മദർ PTA |

ഭാഷ - വ്യവഹാരങ്ങൾ

1. കഥ
2. സംഭാഷണം
3. കവിത
4. പാട്ട്
5. വിവരണം
6. അറിയിപ്പ്

മേഖല : - അക്കാദമികം
ഉപമേഖല : ഇംഗ്ലീഷ്
ക്ലാസ് : I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം, സിനിമാ പ്രദർശനം<br>Reading Cards | മാസത്തിൽ ഒന്ന് | SRG<br>ക്ലാസ് ടീച്ചർ | SSA |

മേഖല :- അക്കാദമികം
ഉപമേഖല :- ഗണിതം
ക്ലാസ്സ് :- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിന ക്യാമ്പ്<br>3) ഗണിത ക്യാമ്പ്<br>ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br>സെപ്റ്റംബർ<br>മാസത്തിൽ ഒന്ന് വീതം | PTA<br>ക്ലാസ്സ് ടീച്ചർ<br>SRG ക്ലാസ്സ് ടീച്ചർ | SSA |

മേഖല:- അക്കാദമികം

ഉപമേഖല:- പരിസരപഠനം

ക്ലാസ്സ് :- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാരശീലങ്ങളും ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള പ്രദർശനം<br>നാടൻവിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ ജൂലൈ ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ<br>SRG<br>PTA/SMC | SMC |
| | പുഷ്പോദ്യാനം, ഔഷധത്തോട്ടം ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | SRG<br>SMC/PTA | |

മേഖല : അക്കാദമികം

ഉപമേഖല : ഭാഷ

ക്ലാസ് : 11

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ തന്ത്രങ്ങൾ | ഒക്ടോബർ നവംബർ | SRG SMC ക്ലബ്ബുകൾ | പിടിഎ മദർ പിടിഎ |
| | 2. ലഘുപത്രികകൾ തയ്യാറാക്കൽ | ഡിസംബർ | മദർ പിടിഎ സ്റ്റാഫ് | |
| | 1) രചനാശിൽപശാല കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ ജനുവരി | SMC അധ്യാപകർ ക്ലബ്ബുകൾ പ്രമുഖ വ്യക്തികൾ | SRG SMC |

മേഖല - അക്കാദമികം

ഉപമേഖല : ഗണിതം

ക്ലാസ്സ് : II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ | ആഴ്ചയിൽ ഒന്ന് വീതം | SRG ക്ലാസ്സ് ടീച്ചർ | SSA |
| | ഗണിത ക്ലബ്ബ് ഗണിതം കളികളിലൂടെ | മാസത്തിൽ ഒന്ന് വീതം | | |

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം

ക്ലാസ്സ് : II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാ മത്സരം അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ്സ് ടീച്ചർ SRG SMC | |
| പ്രകൃതിയെ അറിയാൻ | പ്രകൃതിനടത്തം കാഴ്ച ബംഗ്ലാവിലേക്ക് കാണാകാഴ്ചകൾ | സെപ്തംബർ ഡിസംബർ | ടീച്ചേഴ്സ് SRG SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം | ജനുവരി | SRG SMC നാട്ടുകാർ | |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

ക്ലാസ്സ് : II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ. | Let's talk പ്രതിഭാധനരുമായി സംവദിക്കൽ<br>English ബാലസഭ<br>ഇംഗ്ലീഷ് അസംബ്ലി<br>one day English | മൂന്ന് മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | SSA. |

1

# Master Plan. Standard - III
## English

**AIM**

To speak, Read and write English without any mistakes.

**Time : June to March**

To check the vocabulary and writing skills of pupils.

**Activities:**

☆ June and July

**Pre test**

To develop listening skills and reading skills.

**Listening skills**

Games, Action songs
Hello English Activities
conversations
Skit stories
use ICT

**Speaking skills**

- Identify the naming words from the picture.
- Identify the action words from the picture.
- Make the simple sentences using the word about picture.
- Make simple sentences descriptions about the picture.
- Growing sentences, picture reading, self introductions.

★ August - September

Develop the creative speaking and writing

Reading skills

Books reading
Find words
Collect and read past tense
Rhyming words
TB activities

Writing Skills

make word web
picture description
word chain
Make words & Sentences
Make riddles, conversations
Add more lines.

★ October and November

To express thoughts, feelings etc –

Reading skills

Library book reading
Conversations, skit Stories use ICT
Read notice
Develop stories

Writing skills

Descriptions
Thoughts

## ☆ December and January

Develop the correct creative speaking and writing.

Reading skills

Library books reading
Conversations, skit Stories using ICT
Develop stories.
Read diary

Writing Skills

Diary
Announcement

## ☆ February and March

To improve the presentation power.

Reading skills.
Library books reading
Conversations, skit Stories
Develop story.

Writing Skills

Diary
Descriptions
Thoughts
Exhibitions.

# അക്കാദമിക് - മാസ്റ്റർ പ്ലാൻ

## മലയാളം

ഉദ്ദേശ്യം :

വിദ്യാർത്ഥികൾക്ക് ശുദ്ധമായി മലയാളം വായിക്കാനും എഴുതാനും, സംസാരിക്കാനും കഴിയേണ്ടതാണ്.

കാലക്രമം:

ജൂൺ മുതൽ മാർച്ച് വരെ

ലക്ഷ്യങ്ങൾ

- ശബ്ദ ശേഖരം [vocabulary] വർദ്ധിപ്പിക്കൽ
- എഴുത്ത്, വായന സംസാരശേഷി വർദ്ധിപ്പിക്കൽ

ജൂൺ & ജൂലൈ

- പ്രീ-ടെസ്റ്റ്
- നിർദ്ദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായന ശേഷിയും വർദ്ധിപ്പിക്കുക.

Activities

- ഭാഷാ ഗെയിമുകൾ
- ആക്ഷൻ സോംഗ്സ്
- ഭാവാത്മക വായന
- കഥാപറയൽ
- അധ്യാപിക ഭാവാത്മകമായി പറയുന്ന കഥകൾ കേൾക്കൽ
- ഐസിടി [ICT] സാധ്യത പ്രയോജനപ്പെടുത്തി കഥകളും പാട്ടുകളും കേൾക്കൽ

സംസാരശേഷി

- ചിത്രവായന
- കടങ്കഥകൾ, പഴഞ്ചൊല്ല് ശേഖരണം, ക്ലാസ്സ് അവതരണം
- അനുഭവ വിവരണം

- ചിത്രത്തെ കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുക.
- ചിത്ര വിവരണം

ഓഗസ്റ്റ് & സെപ്റ്റംബർ

ലക്ഷ്യം:

സ്വ്യക്തിപരമായ എഴുത്തും സംസാരവുമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക

വായനശേഷി

- കഥാപുസ്തകങ്ങൾ വായിക്കുക
- വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുക
- പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ

എഴുത്ത്

- വാക്കുകളുടെ വെബ് (word web) നിർമ്മിക്കുക
- ചിത്ര വിവരണം
- വാക്കുകളും വാക്യങ്ങളും നിർമ്മിക്കുക
- ചോദ്യങ്ങൾ നിർമ്മിക്കുക
- ചോദ്യോത്തര പയറ്റ്
- വാക്കുകൾ കൂട്ടിച്ചേർത്ത് കൂടുതൽ വരികൾ എഴുതുക

ഒക്ടോബർ & നവംബർ

ലക്ഷ്യം: ആലോചനകളും വികാരങ്ങളും പ്രകടിപ്പിക്കാൻ കഴിയണം

## വായന ശേഷി

- ലൈബ്രറി പുസ്തകങ്ങൾ വായിക്കുക
- കഥ, റോൾപ്ലേ
- അനുഭവക്കുറിപ്പുകൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

STD : III

മേഖല: അക്കാദമികം

ഉപമേഖല: പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘുപരീക്ഷണങ്ങൾ<br>കണ്ടെത്തുന്നു<br>കുറിച്ചു തയ്യാറാക്കൽ | ജൂൺ ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക് തടയണ<br>മഴക്കുഴി നിർമ്മാണം<br>ജല പ്രോജക്ടുകൾ | ജൂലൈ ഡിസംബർ | ക്ലാസ് ടീച്ചർ |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം<br>വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | |

# ഗവ. എൽ. പി ജി. എസ് തൃപ്പൂണിത്തുറ

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

## ക്ലാസ് - IV

## വിഷയം - ഭാഷ

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ.

മധുരം മലയാളം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട്. |

വായിക്കാം വളരാം.

| | | | | |
|---|---|---|---|---|
| വായനശേഷി വർദ്ധിപ്പിക്കൽ | ക്ലാസ് വായനാ മൂലം ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം, വായനാ കുറിപ്പ്, ആസ്വാദനക്കുറിപ്പ് പുസ്തക സമ്മാനം | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ സി.പി.ടി.എ | പിടിഎ |

എഴുത്താം ഒരുങ്ങാം.

| | | | | |
|---|---|---|---|---|
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗത്തെ ഉൾക്കൊണ്ടു പഠന പ്രവർത്തനങ്ങളിൽനിന്നും നേടിയ ശേഷികൾ | പ്രതിവാരം പ്രദർശിപ്പിക്കൽ | SRG ക്ലാസ് ടീച്ചർ | PTA |

എഴുത്തുകാരുമായി സംവദിക്കൽ

| | | | | |
|---|---|---|---|---|
| ലേഖന ശേഷി പരിപോഷിപ്പിക്കൽ സാഹിത്യകാരൻമാരെക്കുറിച്ചറിയൽ | സാഹിത്യകാരൻമാരുമായി എഴുത്തിലൂടെ സംവദിക്കൽ | അഭിമുഖം സംഭാഷണം | ക്ലാസ് ടീച്ചർ | |

കണ്ടറിയാം.... കേട്ടറിയാം.

| | | | | |
|---|---|---|---|---|
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ഡോക്യുമെന്ററി പ്രദർശനം. | ക്ലാസ് ടീച്ചർ | PTA |

രുചിച്ചറിയാം...

| | | | | |
|---|---|---|---|---|
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള- പാചകക്കുറിപ്പുകളും പരിചയപ്പെടുത്തി ആഹാരം. ക്ലാസിലൊരു സദ്യ | പങ്കുവെക്കൽ ഒന്ന് | SRG ക്ലാസ് ടീച്ചർ PTA | |

ഓർക്കാം... ദിനാചരണങ്ങൾ (സാഹിത്യകാരന്മാർ)

| | | | | |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ-ചരമദിനങ്ങളുമായി ബന്ധപ്പെട്ട് കൃതികൾ പരിചയപ്പെടൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ലൈബ്രറിയിൽ നിന്ന് പുസ്തകപ്രദർശനം. പതിപ്പ് ക്വിസ്. ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം-പ്രദർശനം | ബന്ധപ്പെട്ട ദിനങ്ങൾ | SRG ക്ലാസ് ടീച്ചർ | |

കലക്കൂട്ട്

| | | | | |
|---|---|---|---|---|
| പാരമ്പര്യമായി വന്നിട്ടുള്ള കലകൾ അറിഞ്ഞ് അറിയൽ. | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ്മുറിയിലേക്ക് കലാപഠനം കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ചാർട്ടുകൾ പ്രദർശനം. | വർഷത്തിൽ ഒന്ന് | HM SRG CPTA ക്ലാസ് ടീച്ചർ | PTA |

സർഗ്ഗോത്സവം

| | | | | |
|---|---|---|---|---|
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയശേഷികൾ തിരിച്ചറിഞ്ഞ് വിദ്യാ സന്നാഹങ്ങൾ വികസിപ്പിക്കാൻ | കുട്ടികളുടെ സർഗ്ഗശേഷി കാഴ്ച്ച പ്രദർശനം. | വർഷത്തിൽ ഒന്ന് | HM SRG CPTA ക്ലാസ് ടീച്ചർ | PTA |

Govt LPGS Thripunithura.

# Academic Master Plan. 2025-2026

Std IV

Subject - English

English Assmbly English Language Learning.

| Aim | Activities | Time | Responsible | Finance |
|---|---|---|---|---|
| Develop the skil of reading writing and speaking english in effctive manner | Assmbly is twice in a week and all activities are done by children | During a year | Class Teacher | |

English Diary English Language Learning.

| | | | | |
|---|---|---|---|---|
| Writing english without any mistake | Write daily Diary in English | 3 days in a week During a Year. | Class Teacher | |

English Theatre, English language Learning

| | | | | |
|---|---|---|---|---|
| Developing creativity of children. | make different learning in english lessons (Skit Drama, Conversation Story Telling | ~~Ones~~ Once in a month. | Class Teacher | SMC |

English Magazine

| | | | | |
|---|---|---|---|---|
| Developing Creative writings skill | Preperation of magazine ~~thrice in [illegible]~~ Using the writings of Children in three months. | Thrice in a month. | HM Class Teacher SMS | SMS |

English Handwriting

| | | | | |
|---|---|---|---|---|
| Writing proficiency of English language | Writing letter to friends with importent days in School. | Once in a month. | Class Teacher | PTA |

English corner

| | | | | |
|---|---|---|---|---|
| Nurturing English reading. | Preparing reading Corner by Considering the levels of childrens<br>Preparing reading times.<br>Reading notes, Introdusing text book. | Twice in a Week. | Class Teacher | PTA |

English fest

| | | | | |
|---|---|---|---|---|
| Mak confidence in children using English language also reading and writing in English.<br>To upgrade children in the level of best in english language speaking and writing | ~~Aire~~<br>Reading and writing competitions in english. and presentation of other creative writing of children | Holidays | HM<br>CPTA<br>C.T | PTA |

# ഗവ. എൽ. പി. ജി. എസ് തൃപ്പൂണിത്തുറ

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 2026

## ക്ലാസ് - IV

## വിഷയം - പരിസരപഠനം.

### പ്രകൃതി നടത്തം.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | ആവശ്യാനുസരണം | HM CPTA Class Teacher | PTA |

### ശാസ്ത്രമേള

| | | | | |
|---|---|---|---|---|
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കാൻ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | വർഷം മുഴുവൻ | HM SRG ~~CPT~~ ക്ലാസ് ടീച്ചർ | PTA SSK |

### ശാസ്ത്രയാത്ര

| | | | | |
|---|---|---|---|---|
| ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കാൻ അന്വേഷണത്വര വളർത്താൻ | വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്‌ലോർ അക്കാദമി എന്നിവ സന്ദർശിക്കൽ | വർഷത്തിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ | PTA |

ഭൂപടമൊരുക്കാം.

| | | | | |
|---|---|---|---|---|
| കേരളം-ഇന്ത്യ ഭൂപടവായന സൂചിക ചിഹ്നങ്ങൾ | ഭൂപടവായന ഭൂപടരചന സൂചികകളിൽ ജ്ഞാനം | വർഷത്തിൽ ഒന്ന്. | SRG ക്ലാസ് ടീച്ചർ | PTA |

ശാസ്ത്ര വിസ്മയ ചുമർ

| | | | | |
|---|---|---|---|---|
| ശാസ്ത്രജ്ഞരെ പരിചയപ്പെടൽ | ശാസ്ത്രജ്ഞരുമായി ബന്ധപ്പെട്ട വാർത്തകൾ-ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആഴ്ചതോറും | SRG ക്ലാസ് ടീച്ചർ | PTA |

ശാസ്ത്രോത്സവം

| | | | | |
|---|---|---|---|---|
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രദർശനം | ചാർട്ട്, പതിപ്പ് നിർമാണം, പഠനോപകരണ നിർമാണം ഉൽപന്ന പ്രദർശനം. | ആഴ്ചതോറും | SRG ക്ലാസ് ടീച്ചർ | PTA |

ശാസ്ത്രമാസിക

| | | | | |
|---|---|---|---|---|
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന. | ശാസ്ത്ര മാസിക കളുടെ നിർമ്മാണം. | വർഷത്തിൽ ഒന്ന്. | HM SRG class Teacher | PTA. |

# ഗവ. എൽ. പി. ജി. എസ് തൃപ്പൂണിത്തുറ.

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

## വിഷയം - ഗണിതം

## ക്ലാസ് - IV

കളിക്കാം... ഗണിക്കാം.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കാൻ ചതുഷ്ക്രിയകൾ ലളിതമാക്കാൻ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ മൂല്യനിർണ്ണയം ഏണിയും പാമ്പും ഡയസ്കളി സങ്കലനം - വ്യവകലനം കച്ചവടക്കളി | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |

ഒറിഗാമിയിലൂടെ പഠിക്കാം...

| | | | | |
|---|---|---|---|---|
| ഗണിതശാസ്ത്ര പഠനം രസകരമാക്കാൻ- കരചലന ശേഷിവികാസം | ഒറിഗാമിരൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിൽ ഒരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |

## ഗണിത ലാബ്

| | | | | |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഉപകരണങ്ങൾ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |

## ഗണിതക്ലബ്

| | | | | |
|---|---|---|---|---|
| ഗണിതത്തിലെ അഭിരുചി പ്രായോഗികമൂല്യം തിരിച്ചറിയൽ | ഗണിതക്ലബ് ഉപകരണങ്ങൾ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |

## ഗണിതോപകരണ ശില്പശാല

| | | | | |
|---|---|---|---|---|
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണ നിർമ്മാണ പ്രോത്സാഹനം | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | PTA |

## ഗണിത മേള

| | | | | |
|---|---|---|---|---|
| ഗണിതമേളയിലൂടെ പ്രോത്സാഹനം | പ്രശ്നോത്തരി പസ്സിൽ പാസിൽ പഠനങ്ങൾക്ക് അടിസ്ഥാന പ്രോത്സാഹനം | വർഷത്തിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ | PTA |